പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3419

14.03.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാരുടെ വേതനം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സപ്ലൈകോയിലെ താൽക്കാലിക പാക്കിംഗ് ജീവനക്കാർക്ക് നിലവിൽ എത്ര രൂപയാണ് ദിവസ വേതനമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഈ ജീവനക്കാരുടെ ദിവസ വേതനം മിനിമം അറുന്നൂറ് രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) സപ്ലൈകോയിലെ താൽകാലിക പാക്കിംഗ് ജീവനക്കാർക്ക് പാക്കറ്റ് ഒന്നിന് 75 പൈസ ആണ് നൽകിവരുന്നത്. ഇത് പാക്കറ്റ് ഒന്നിന് 1 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം താൽക്കാലിക ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) 22.09.2016 ലെ 222/2016/F&CSD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താൽക്കാലിക ജീവനക്കാരുടെ ദിവസവേതനം 07.09.2016 മുതൽ 250 രൂപയിൽ നിന്നും 350 രൂപയായി വർദ്ധിപ്പിച്ചിട്ട് ആയത് 425 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) എൻ.എഫ്.എസ്.എ.(നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്) യുമായി ബന്ധപ്പെട്ടുള്ള തസ്തികകളിൽ സപ്ലൈകോ ജീവനക്കാർക്ക് പ്രമോഷൻ നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ? | (സി) ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 318 തസ്തികകൾ സപ്ലൈകോയിൽ സൃഷ്ടിച്ചിട്ടുള്ളതും ആയതിൽ 42 ഡെപ്യൂട്ടേഷൻ തസ്തികകൾ ഒഴികെയുള്ള 276 തസ്തികകളും സപ്ലൈകോയിലെ ജീവനക്കാർക്ക് വേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. ആയതിലേയ്ക്ക് പ്രമോഷൻ നടത്തുന്നതിനും പി.എസ്.സി. മുഖേനയുള്ള നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ